**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2407** **24-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ച കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി മണിമല കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ് എന്ന പദ്ധതിക്കു PWD015-113/PE-5-PAD/2022/KIIFB dated 20.03.2022 എന്ന ഉത്തരവ് പ്രകാരം 79.10 കോടി രൂപയുടെ സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. Free Surrender ആയാണ് ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നത്. പൂർണമായും ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ ലഭ്യമായതുവരെയുള്ള റോഡ് ആദ്യ ഘട്ടമായി ടെൻഡർ ചെയ്തിരുന്നു. എന്നാൽ പദ്ധതി പൂർണതയിലേക്ക് എത്താൻ ഇത് തടസ്സം ആകും എന്നതിനാൽ പ്രസ്തുത ടെൻഡർ റദ്ദ് ചെയ്തു ആവശ്യമായ വീതിയിൽ ഭൂമി ലഭ്യമായ ശേഷം ടെൻഡർ ചെയ്യാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ പദ്ധതിയുടെ പൂർണമായ TS എസ്റ്റിമേറ്റ് തയാറാക്കി വരികയാണെന്ന് പദ്ധതി നിർവഹണ ഏജൻസി ആയ കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകുന്ന നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി നൽകാനാകുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ TS എസ്റ്റിമേറ്റ് PRICE Software- ൽ കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി തേടേണ്ടതുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് എത്രയും വേഗത്തിൽ പ്രസ്തുത പ്രവർത്തി തുടങ്ങുന്നതിനുള്ള നടപടികൾ കെ ആർ എഫ് ബി സ്വീകരിക്കുന്നതാണ്. |
| (സി) | ധനാനുമതി നൽകി പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | പ്രസ്തുത പദ്ധതിയുടെ TS എസ്റ്റിമേറ്റ് PRICE Software- ൽ കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി തേടേണ്ടതുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് എത്രയും വേഗത്തിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവർത്തി തുടങ്ങുന്നതിനുള്ള നടപടികൾ കെ ആർ എഫ് ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ